വാർത്തകൾ | ഇന്ത്യ

## ഓസ്ട്രേലിയൻ പ്രധാനമന്ത്രി കെവിൻ റഡ് ഇന്ത്യയിൽ

# ഇന്ത്യൻ വിദ്യാർഥികൾക്ക് ഓസ്ട്രേലിയയിലേക്ക് സ്വാഗതം



ന്യൂഡൽഹി: ഇന്ത്യൻ വിദ്യാർഥികൾ ആദരണീയ അതിഥികളാണെന്നും അവരെ തന്റെ രാജ്യത്തേക്ക് സ്വാഗതം ചെയ്യുന്നെന്നും ഓസ്ട്രേലിയൻ പ്രധാനമന്ത്രി കെവിൻ റഡ്. വ്യവസായ സംഘടനകളായ സിഐഐ, ഫിക്കി, അസോച്ചം എന്നിവ ന്യൂഡൽഹിയിൽ ഒരുക്കിയ വിരുന്നിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഓസ്ട്രേലിയൻ സമ്പദ് വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം ഇന്ത്യൻ വിദ്യാർഥികൾ സുപ്രധാനമാണ്. സൗഹാർദപരമായി അവർ താമസിക്കണമെന്നാണ് ആഗ്രഹിക്കുന്നതെന്നും റഡ് പറഞ്ഞു.

ഓസ്ട്രേലിയയിലുള്ള എല്ലാ വിദേശ വിദ്യാർഥികളുടേയും സുരക്ഷ ഉറപ്പാക്കുന്നതിന് തന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് റഡ് പറഞ്ഞു. ഇന്ത്യ-ഓസ്ട്രേലിയ വ്യാപാര ബന്ധത്തിന്റെ ഭാവിയെ പ്രതിനിധീകരിക്കുന്നവരാണ് ഇന്ത്യൻ വിദ്യാർഥികൾ. സൗഹാർദവും സഹായവുമാണ് ഇന്ത്യയിലെ വിദ്യാർഥികൾക്ക് തങ്ങൾ വാഗ്ദാനം ചെയ്യുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ത്യൻ വിദ്യാർഥികൾ ഓസ്ട്രേലിയയിൽ തുടർച്ചയായി ആക്രമിക്കപ്പെടുന്നതിൽ കഴിഞ്ഞ ദിവസം വിദേശകാര്യ മന്ത്രാലയ വക്താവ് വിഷ്ണു പ്രകാശ് പ്രതിഷേധമറിയിച്ചിരുന്നു. ഈ പശ്ചാത്തലത്തിലാണ് റഡ് നിലപാട് വ്യക്തമാക്കിയത്. രാഷ്ട്രപതി ഭവൻ സന്ദർശിച്ച റഡ് രാഷ്ട്രപതി പ്രതിഭാ പാട്ടീലുമായി കൂടിക്കാഴ്ച നടത്തി.

# ഇന്ത്യക്കാർക്കെതിരായ അക്രമം തടയും: ഓസ്ട്രേലിയൻ പ്രധാനമന്ത്രി



ന്യൂഡൽഹി: ഓസ്ട്രേലിയയിൽ ഇന്ത്യക്കാർക്കെതിരായി അക്രമങ്ങളുണ്ടാകുന്നതു തടയാൻ സാധ്യമായതെല്ലാം ചെയ്യുമെന്ന് ഓസ്ട്രേലിയൻ പ്രധാനമന്ത്രി കെവിൻ റഡ് ഇന്ത്യൻ പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗിന് ഉറപ്പുനൽകി. ത്രിദിന ഇന്ത്യാ സന്ദർശനത്തിനായി എത്തിയ റഡിനോട് ഓസ്ട്രേലിയയിലെ ഇന്ത്യക്കാരുടെ സുരക്ഷയെപ്പറ്റിയുള്ള ആശങ്ക മൻമോഹൻസിംഗ് അറിയിച്ചിരുന്നു. ഇന്ത്യൻ വിദ്യാർഥികൾക്കെതിരായ അക്രമം പൂർണമായി തടയാൻ കഴിയുമെന്ന് ഉറപ്പു നൽകാനാവില്ലെന്നു റഡ് പറഞ്ഞു. എന്നാൽ അക്രമം തടയാൻ എല്ലാ ശ്രമങ്ങളും നടത്തും.

ആണവ നിർവ്യാപന കരാറിൽ പങ്കാളികളല്ലാത്ത രാഷ്ട്രങ്ങൾക്കു യുറേനിയം വിൽക്കില്ല എന്ന ഓസ്ട്രേലിയയുടെ നയം ഇന്ത്യയെ ഉദ്ദേശിച്ചുള്ളതല്ലെന്ന് ഇന്ത്യൻ കൗൺസിൽ ഓഫ് വേൾഡ് അഫയേഴ്സിൻെറ ചടങ്ങിൽ പ്രസംഗിക്കേ റഡ് വ്യക്തമാക്കി. ആണവോർജ പദ്ധതികൾക്കായി ഓസ്ട്രേലിയയിൽ നിന്നു യുറേനിയം ലഭ്യമാകുമെന്ന ഇന്ത്യയുടെ പ്രതീക്ഷയെപ്പറ്റി തനിക്കു ധാരണയുണ്ടെന്നു റഡ് പറഞ്ഞു. ആണവനയം സംബന്ധിച്ച കാര്യങ്ങളിൽ ഇന്ത്യയെ ഒറ്റപ്പെടുത്താൻ ഓസ്ട്രേലിയ ശ്രമിച്ചിട്ടില്ല. മറിച്ച്, യുറേനിയം നൽകുന്ന രാജ്യങ്ങൾക്കിടയിൽ ഇന്ത്യയ്ക്കെതിരായുണ്ടായിരുന്ന നിരോധനം നീക്കാനാണ് ശ്രമിച്ചിട്ടുള്ളത്.

പരിസ്ഥിതിസൗഹൃദ സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കാൻ ഇന്ത്യയിൽ 235 കോടി രൂപ മുടക്കുമെന്നു റഡ് അറിയിച്ചു. പരിസ്ഥിതി മലിനീകരണത്തിൽ വികസിത രാജ്യങ്ങൾക്കും വികസ്വര രാജ്യങ്ങൾക്കും തുല്യ പങ്കാണുള്ളത് എന്ന് ഓസ്ട്രേലിയയുടെ നിലപാടിനെ ഇന്ത്യ നിശിതമായി വിമർശിച്ചതിനു ശേഷമുണ്ടായ ഈ പ്രഖ്യാപനം ഈ പ്രശ്നത്തിൽ അനുരഞ്ജനത്തിൻെറ പാതയിലാണ് ഓസ്ട്രേലിയ എന്നു വ്യക്തമാക്കുന്നതാണ്.

നേരത്തേ, ഇന്ത്യാഗേറ്റിലെ അമർ ജവാൻ ജ്യോതിയിൽ കെവിൻ റഡും പത്നി തെരേസാ റെയിനും ആദരാഞ്ജലി അർപ്പിച്ചു.

## ഹിജഡകൾ ഇനി 'മറ്റുള്ളവർ'

ന്യൂഡൽഹി: ഹിജഡകൾക്കും ലിംഗമാറ്റം നടത്തിയവർക്കും വോട്ടർപട്ടികയിൽ ലിംഗം സംബന്ധിച്ച കോളത്തിൽ മറ്റുള്ളവർ എന്നു രേഖപ്പെടുത്താമെന്നു തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. പുരുഷനെന്നോ സ്ത്രീയെന്നോ വിളിക്കപ്പെടാൻ ആഗ്രഹിക്കുന്നില്ലെങ്കിലാണ് ഈ സൗകര്യം. ഇതു സംബന്ധിച്ച് ഒട്ടേറെ വ്യക്തികളും കൂട്ടായ്മകളും ഉന്നയിച്ച ആവശ്യം പരിഗണിച്ചാണു കമ്മീഷൻെറ തീരുമാനം.

വോട്ടർപട്ടികയ്ക്കു പുറമേ തിരഞ്ഞെടുപ്പു കമ്മീഷനുമായി ബന്ധപ്പെട്ട മറ്റു രേഖകളിലും ഫോമുകളിലും ഈ സൗകര്യമുണ്ടാകും. സംസ്ഥാനങ്ങളിലെ മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർമാർക്കും ഇതു സംബന്ധിച്ച നിർദേശം നൽകി. കണക്കെടുപ്പുവേളയിൽ ഹിജഡകളെയും ലിംഗമാറ്റം വരുത്തിയവരെയും ഒ (അദർ) എന്നായിരിക്കും രേഖപ്പെടുത്തുക. ഇതുവരെ ഹിജഡകളെയും അവർ ഒപ്പിക്കുനൽകുന്ന രേഖയനുസരിച്ചു പുരുഷൻ എന്നോ സ്ത്രീ എന്നോ ആയിരുന്നു രേഖപ്പെടുത്തിയിരുന്നത്.

## ഇന്ത്യ: നഷ്ട ബാല്യങ്ങളുടെ നാട്

യുഎൻ: അഞ്ചുവയസിൽ താഴെ വളർച്ച മുരടിച്ചുപോയ കുട്ടികൾ ലോകത്തിൽ ഏറ്റവും കൂടുതലുള്ളത് ഇന്ത്യയിലാണെന്നു യുനിസെഫ് റിപ്പോർട്ട്. വികസ്വര രാജ്യങ്ങളിൽ മൊത്തം 20 കോടി കുട്ടികൾ വളർച്ച മുരടിച്ചവരാണ്. കുട്ടികളുടെ വളർച്ച മുരടിക്കുന്നതിനു പ്രധാനകാരണം പോഷകാഹാരക്കുറവാണ്. ലോകത്തെമ്പാടും മൂന്നിലൊന്നു ശിശുമരണങ്ങളുടെ കാരണവും പോഷകാഹാരക്കുറവു തന്നെ. ശരീരഭാരം ആവശ്യത്തിനില്ലാത്ത നവജാതശിശുക്കളുടെ എണ്ണത്തിലും ഇന്ത്യ മുന്നിൽ തന്നെയാണ്.

ലോകമെങ്ങും പ്രതിവർഷം 1.9 കോടി കുഞ്ഞുങ്ങളാണ് മതിയായ ശരീരഭാരമില്ലാതെ ജനിക്കുന്നതെന്നാണു കണക്ക്. ഇതിൽ 74 ലക്ഷം കുഞ്ഞുങ്ങളുടെ ജനനം ഇന്ത്യയിലാണ്. ഭാരക്കുറവു മൂലം കുഞ്ഞുങ്ങളുടെ രോഗപ്രതിരോധ ശേഷി താറുമാറാവുകയാണ് എന്ന് യുനിസെഫ് മേധാവി ആർ എം വെനെമാൻ പറയുന്നു. വയറിളക്കം, ന്യൂമോണിയ തുടങ്ങിയ അസുഖങ്ങളിലേറെയും ഈ കുഞ്ഞുങ്ങളുടെ മരണത്തിൽ കലാശിക്കുന്നു. വളർച്ച മുരടിച്ച കുട്ടികളുടെ എണ്ണം നോക്കുമ്പോൾ ഇന്ത്യ മുന്നിലാണെങ്കിലും രാജ്യത്തെ ജനസംഖ്യയുടെ അനുപാതമെടുത്താൽ ഇന്ത്യയുടെ നില അത്ര പരിതാപകരമല്ലെന്നും യുഎൻ റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ട്. ഈ കണക്കെടുപ്പിൽ ഒന്നാം സ്ഥാനം അഫ്ഗാനിസ്ഥാനാണ്; ഇന്ത്യ പന്ത്രണ്ടാമതും.

Indian മലയാളി

### തപാലിൽ ലഭിക്കാൻ

ഇന്ത്യൻ മലയാളിയുടെ കോപ്പികൾ യഥാസമയം തപാലിൽ ലഭിക്കണം എന്നാഗ്രഹിക്കുന്നവർ ഒരു വർഷത്തേക്ക് $ 30 ചെക്കായോ പോസ്റ്റൽ ഓർഡർ ആയോ താഴെപ്പറയുന്ന വിലാസത്തിലോ അയച്ചുതരിക.

Chief Editor, Indian Malayali,
Kerala House, 568, Middleborough
Road, Blauckburn North, VIC-3130,
E-mail: editor@indianmalayali.com,
thiruvallambhasi@yahoo.com.

